**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 718** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗാക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി, ആർ.കെ.വി.വൈ., എം.ആർ.എം.എ.സി. എന്നിവയിലും മറ്റു പദ്ധതികളിലുമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകൾ ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ എത്ര കിലോമീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്; പ്രസ്തുത ജനവാസ മേഖലയിൽ എത്ര കിലോമീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിക്കുവാനാണ് ബാക്കിയുള്ളത്; വന്യമൃഗാക്രമണം തടയുന്നതിന് സോളാർ പവേർഡ് അലാറം, മോഷൻ ആക്ടിവേറ്റഡ് സ്പ്രിങ്ക്ലേഴ്സ്, അൾട്രാസോണിക് ആനിമൽ റിപ്പല്ലേഴ്സ് എന്നിവ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിങ് കൂടാതെ ശാസ്ത്രീയമായി പഠിച്ച് നൂതന സംവിധാനങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട് . ജനവാസമേഖലയിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 88 കീ.മീറ്ററും, നിലമ്പൂർ സൗത്ത് ഡിവിഷനിൽ 15 കീ.മീറ്ററും സോളാർ ഫെൻസിംഗ് സ്ഥാപിക്കുവാൻ ബാക്കിയുണ്ട് .

**(ബി)** വന്യമൃഗശല്യം ഏറ്റവുമധികം അനുഭവപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെയും ഭൂപ്രദേശത്തിന്റെ മൂന്നു ഭാഗവും വനാതിർത്തി പങ്കിടുന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിലെയും വന്യമൃഗശല്യം തടയുന്നതിനായി ശക്തിയേറിയ സോളാർ ഹാങ്ങിങ് ഫെൻസിംഗ്, മറ്റ് ആധുനിക സംവിധാനങ്ങളോടു കൂടിയ സോളാർ വേലികൾ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വഴിക്കടവ് ഗ്രാമ പഞ്ചായത്തിന്റെ വനാതിർത്തിയിൽ നിലവിൽ 41 കി.മീ. സോളാർ ഫെൻസിംഗ് ഉണ്ട് . പുതിയതായി 3.50 കി.മീ. ഫെൻസിംഗ് പ്രവൃത്തികൾ നടന്നു വരുന്നു . പോത്തുകൽ ഗ്രാമ പഞ്ചായത്തിൽ വനാതിർത്തിയിൽ നിലവിൽ 25.00 കി.മീ. സോളാർ ഫെൻസിംഗ് ഉണ്ട് . പുതിയതായി 6.50 കി.മീ. ഫെൻസിംഗ് പ്രവൃത്തികൾ നടന്നു വരുന്നു

**(സി)** ജനവാസ മേഖലയോടുചേർന്ന വനാതിർത്തിയിൽ അടിക്കാടുകൾ വെട്ടാത്തതിനെ തുടർന്ന് വന്യമൃഗങ്ങളുടെ സാമീപ്യം തിരിച്ചറിയാനാകാതെ ജനങ്ങൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അടിക്കാടുകൾ വെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അടിക്കാടുകൾ വെട്ടുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** അടിക്കാടുകൾ തെളിക്കുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ നോർത്ത്- സൗത്ത് ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ MRMAC ശീർഷകത്തിൽ 1.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് .

**(ഡി)** കുടിവെള്ളക്ഷാമവും ഭക്ഷണത്തിന്റെ ലഭ്യതക്കുറവുമാണ് വന്യമൃഗങ്ങൾ പ്രധാനമായും നാട്ടിലിറങ്ങുവാൻ കാരണമെന്നതിനാൽ ഉൾവനത്തിനുള്ളിൽ കുളങ്ങൾ കുഴിച്ച് ജലസ്രോതസ്സുകൾ ലഭ്യമാക്കുന്നതിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** കുടിവെള്ളക്ഷാമവും, ഭക്ഷണത്തിന്റെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ഉൾവനത്തിനുള്ളിൽ നബാർഡിന്റെ പദ്ധതികളുപയോഗിച്ച് ചെക്ക് ഡാം, കുളങ്ങൾ നിർമ്മിക്കുകയും, ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുന്നതിനായി വിത്തൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഫലവൃക്ഷവിത്തുകൾ ഉൾവനങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**